"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തസ്വഭവ-LID&EW- ജീവനക്കാര്യം- അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മഞ്ചേഷ്കർ പി. എസ്. എന്നവർക്ക് സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2034/2026/LSGD തീയതി,തിരുവനന്തപുരം, 29-10-2026

പരാമർശം:- 1. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മഞ്ചേഷ്കർ പി. എസ്. സമർപ്പിച്ച അപേക്ഷയും 19.07.2025 തീയതിയിലെ സാക്ഷ്യപത്രവും.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.07.2026-ലെ LSGD/PD/8236/2025-DEA6 നമ്പർ കത്ത്.

ഉത്തരവ്

അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. മഞ്ചേഷ്കർ പി. എസ്.-ന് സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സർക്കാരിനെതിരായ യാതൊരു സംഭാഷണവും സിനിമയിൽ ഉൾപ്പെടില്ലെന്നും പ്രതിഫലം കൈപ്പറ്റാതെയാണ് അഭിനയിക്കുന്നതെന്നും വ്യക്തമാക്കുന്ന സത്യവാങ്മൂലം ശ്രീ. മഞ്ചേഷ്കർ പി. എസ്. പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 48(1)-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം, ശാസ്ത്രം, കലാ-സാംസ്കാരികം, സാഹിത്യം, സാമൂഹികം എന്നീ മേഖലകളിൽ പ്രതിഫലം കൈപ്പറ്റാതെയും ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിക്കാതെയും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് സോപാധിക അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും ; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ,

സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാണ് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 48(1)-ന്റെ ഒന്നാം പ്രൊവിസോയിലെ വ്യവസ്ഥകൾക്ക് വിധേയമായും ശ്രീ. മഞ്ചേഷ്കുമാർ പി. എസ്. സമർപ്പിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും ടിയാന് സിനിമയിൽ അഭിനയിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഇന്ദു.എസ്.

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
4. ശ്രീ. മഞ്ചേഷ്കുമാർ പി. എസ്., അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by Keerthi I P
Date: 29-10-2026 11:31:42

സെക്ഷൻ ഓഫീസർ